പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 199 | 26/02/2018 ൽ മറുപടി<br>നല്കേണ്ടത്: |

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനും പരിശോധിക്കുന്നതിനും നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനും പരിശോധിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗവും, അനലിറ്റിക്കൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഒരു ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണറും 17 അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരും 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നു. അനലിറ്റിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഓഫീസർമാർ നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. അവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മായം ചേർക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി) | ഹോട്ടലുകളും റസ്റ്റോറന്റുകളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രസ്തുത സംവിധാനം പര്യാപ്തമാണോ; | ബി) | ഹോട്ടലുകളും റസ്റ്റോറന്റുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപെടുത്തേണ്ടതുണ്ട്. |
| സി) | മായം ചേർക്കൽ തടയുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പോലീസ് സ്റ്റേഷൻ മാതൃകയിൽ പ്രത്യേക ഓഫീസുകൾ തുറക്കുന്നതിനും ജനങ്ങൾക്ക് നേരിട്ട് പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ജില്ലകൾ തോറും ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | മായം ചേർക്കൽ തടയുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 140 ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകളിലും, 14 ജില്ലാ ഓഫീസുകളിലും, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ് ഓഫീസുകളിലും ജനങ്ങൾക്ക് നേരിട്ട് പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിലെ ടോൾഫ്രീ നമ്പരായ 1800 425 1125 എന്ന നമ്പരിലൂടെയും, foodsafetykerala@gmail.com എന്ന ഇ-മെയിലിലൂടെയും പരാതികൾ സമർപ്പിക്കാവുന്നതാണ്. പോലീസ് സ്റ്റേഷൻ മാതൃകയിൽ ഓഫീസുകൾ തുറക്കുന്നത് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ